FRIDAY 04.08.2023 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-04/08/2023.

1. ചിങ്ങം ഒന്ന് കർഷകദിനമായി ആചരിച്ചു വരുന്നു. ഈ വർഷത്തെ കർഷക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആഗസ്റ്റ് 17 ന് (17.08.2023) വൈകിട്ട് 4:00 മണിക്ക് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് നിർവഹിക്കുന്നു.

2. ചിങ്ങം ഒന്നിന് കർഷകദിനാചരണത്തിന്റെ ഭാഗമായി പോത്തൻകോട് കൃഷിഭവനിൽ കർഷകരെ ആദരിക്കും. മികച്ച പച്ചക്കറി കർഷകൻ, ജൈവകർഷകൻ, മികച്ച ടെറസ് കൃഷി, മികച്ച സമഗ്രപുരയിട കൃഷി, യുവകർഷകൻ, വനിത കർഷക, വാഴകൃഷി ചെയ്യുന്ന കർഷകൻ, വിദ്യാർത്ഥി കർഷകൻ, മുതിർന്ന കർഷകൻ, എസ്സി/ എസ്റ്റി വിഭാഗത്തിലെ കർഷകർ എന്നിങ്ങനെ തരം തിരിച്ച് കർഷകരെ ആദരിക്കും. അർഹരായ കർഷകർ ആഗസ്റ്റ് എഴിന് മുമ്പ് കൃഷിഭവനിൽ അപേക്ഷിക്കണമെന്ന് പോത്തൻകോട് കൃഷി ആഫീസർ അറിയിക്കുന്നു.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) 'മണ്ണ് സംരക്ഷണവും പരിപാലനവും' (Soil Health Management) എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : 2023 ഓഗസ്റ്റ് 8. കോഴ്സുകൾ 2023 ഓഗസ്റ്റ് 9ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ celkau@gmail.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് 0487-2438567, 0487-2438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

4. കേരള വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തി മീറ്റ് ടെക്നോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ **മീറ്റ് പ്രോസസിംഗ് കം പ്ലാന്റ് ഓപ്പറേഷൻ, ഹോൾസം മീറ്റ് പ്രൊഡക്ഷൻ ആന്റ് മീറ്റ് പ്രോസസിംഗ്, മീറ്റ് പ്ളാന്റ് ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്** എന്നിവയിൽ പ്രയോഗിക പരിശീലനം നൽകുന്നു. 2 വർഷം ദൈർഘ്യമുള്ള മീറ്റ് പ്രോസസിംഗ് കം പ്ലാന്റ് ഓപ്പറേഷന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിദ്യാഭ്യാസയോഗ്യത വി.എച്ച്.എസ്സ്.ഇ, ലൈവ്സ്റ്റോക്ക്മാനേജ്മെന്റ് -ഡയറിഹസ്ബന്ററി/ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് -പോൾട്രി ഹസ്ബന്ററി, സർട്ടിഫിക്കറ്റ് ഇൻ കാനിംഗ് ആന്റ് ഫുഡ് പ്രിസർവേഷൻ. ഒരു വർഷം ദൈർഘ്യമുള്ള ഹോൾസം മീറ്റ് പ്രൊഡക്ഷൻ ആന്റ് മീറ്റ് പ്രോസസിംഗിന് വിദ്യാഭ്യാസയോഗ്യത വി.എച്ച്.എസ്സ്.ഇ, ലൈവ്സ്റ്റോക്ക്മാനേജ്മെന്റ്-ഡയറിഹസ്ബന്ററി/ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് -പോൾട്രി ഹസ്ബന്ററി. ഒരു വർഷം ദൈർഘ്യമുള്ള മീറ്റ് പ്ളാന്റ് ഓപ്പറേഷൻ ആന്റ് മെയിന്റനൻസിന് വിദ്യാഭ്യാസയോഗ്യത ഐ.ടി ഐ/NCVT സർട്ടിഫിക്കറ്റ് കോഴ്സ് - എയർകണ്ടീഷനിംഗ് ആന്റ് റഫ്രിജറേഷൻ/ഇലക്ട്രിക്കൽ. സ്റ്റൈഫെൻഡ്രി ട്രെയ്നിങ്ങിനു താൽപര്യമുള്ളവർക്ക് https://forms.gle/qoie1dq8weD9589G6 ലിങ്ക് വഴി ഓൺലൈനായോ അല്ലെങ്കിൽ പോസ്റ്റൽ വഴിയോ അപേക്ഷിക്കാം. വെള്ള കടലാസ്സിൽ എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം പിൻ ഉൾപ്പെടെ പൂർണ്ണമായ അഡ്രസ്സും ബന്ധപ്പെടാനുള്ള ഫോൺനമ്പർ അടങ്ങിയ ബയോഡാറ്റയും, ജനനതിയ്യതി, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ കോപ്പിയും, 10 രൂപ. സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേലിലാസം എഴുതിയ കവറും പ്രൊഫസർ ആന്റ് ഹെഡ് , മീറ്റ് ടെക്നോളജി യൂണിറ്റ്, മണ്ണുത്തി.പി.ഒ, തൃശ്ശൂർ. 680651 എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത് ട്രെയിനിങ്ങിന്റെ പേരെഴുതണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി ആഗസ്റ്റ് 31 (31/08/2023). കൂടുതൽ വിവരങ്ങൾക്ക് - 0487 2370956, 83018 60956, 89437 84557 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ 2023 ആഗസ്റ്റ് 09, 10 തീയതികളിൽ തീറ്റപ്പുൽകൃഷി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് 8113893159 / 8848997565 എന്നീ നമ്പരുകളിലേക്ക് whatsapp ചെയ്യുകയോ 0471-2501706 എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് മാസം 10 ന് പൂന്തോട്ട പരിപാലനവും ലാൻഡ്സ്കേപ്പിങ്ങും 22ന് അക്വാപോണിക്സ് ബയോഫ്ലോഗ് മത്സ്യകൃഷി രീതികൾ 24ന് ചിപ്പി കൂൺ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കൃഷി എന്നീ വിഷയങ്ങളിൽ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനഫീസ് 550 രൂപ. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ 0487 2370773 എന്ന നമ്പറിൽ ബന്ധപ്പെടുക.

7. **മൃഗസംരക്ഷണ നിർദ്ദേശം** – എഫിമെറൽ ഫീവർ (ബിഇഎഫ്) കന്നുകാലികളെയും എരുമകളെയും ബാധിക്കുന്ന ഒരു രോഗമാണ്, ഇത് ചെറിയ പനി, വിറയൽ, മുടന്തൽ, പേശികളുടെ കാഠിന്യം എന്നിവയാണ് ലക്ഷണം. ഈ രോഗം പാലുൽപാദനം കുറയാനും പ്രത്യുൽപാദനശേഷി കുറയാനും ഗർഭച്ഛിദ്രത്തിനും കാരണമാകും.

ചികിത്സ: ഫിനൈൽ ബ്യൂട്ടാസോൺ സോഡിയം (200 മില്ലിഗ്രാം) 10 മില്ലി / കന്നുകാലികൾക്ക് 3 ദിവസത്തേക്ക് രണ്ട് ഡോസുകളിലായി നൽകണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം